# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

# മർത്ത്മറിയം വനിതാസമാജം

MOMS Centre, Kanjikuzhy, Kottayam 686 004.
Ph: 0481 2571840

പ്രാർത്ഥിക്കുക! പ്രവർത്തിക്കുക! പ്രകാശിക്കുക!

2014

ചിന്താവിഷയം:

**യേശുക്രിസ്തു മാറ്റമില്ലാത്ത മാതൃക**

1 പത്രോസ് 2:21

**ഉദ്ദേശം**

സഭാ വിശ്വാസാനുഷ്ഠാനങ്ങളാലും ഭക്തി പരിശീലനങ്ങളാലും ആത്മവിശുദ്ധി വരുത്തി ക്രിസ്തീയ കൂട്ടായ്മയിൽ വളർന്ന് ദൈവത്തെയും സഹോദരങ്ങളേയും സേവിക്കുക.

**ജീവിത നിയമങ്ങൾ**

1. ദിവസവും രണ്ടു യാമങ്ങളിലെങ്കിലും പ്രാർത്ഥിക്കണം (സഭയ്ക്കും സമാജത്തിനും വേണ്ടിയും പ്രാർത്ഥിക്കുക)
2. ദിവസവും സന്ധ്യാ പ്രാർത്ഥനയ്ക്കു മുമ്പ് ഒരു സങ്കീർത്തനവും, പുതിയ നിയമത്തിൽ നിന്ന് പത്ത് വാക്യമെങ്കിലും വായിക്കണം.
3. ഞായറാഴ്ചകളിലും മോറാനായ പെരുനാളുകളിലും വി. കുർബ്ബാനകളിൽ സംബന്ധിക്കണം.
4. ബുധൻ, വെള്ളി ഇവ കൂടാതെ അഞ്ചു നോമ്പുകളും ആചരിക്കുകയും ആ സമയത്ത് ഭക്തിയായി ഒരുങ്ങി വി. കുർബ്ബാന കൈക്കൊള്ളുകയും വേണം.
5. നിത്യവും സുത്താറാ കഴിഞ്ഞ് അൽപ്പസമയം സ്വയപരിശോധനയ്ക്കായി ഉപയോഗിക്കണം.

**സാധാരണ സമാജത്തിന്റെ പ്രോഗ്രാം**

1. പാട്ട്, 2. പ്രാർത്ഥന 3. വേദപുസ്തകവായന 4. മിനിറ്റ്സ് വായന 5. പാട്ട് 6. പ്രസംഗം (ക്ലാസ് മുതലായവ) (ഭവന സന്ദർശനം, ഗീതാഭ്യസനം, മറ്റു പരിപാടികൾ, സൗകര്യം പോലെ) 7. മന:പാഠം 8. കാര്യാലോചന 9. പാട്ട് 10. പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന & കന്യകമറിയാമിനോടുള്ള അപേക്ഷ.

**വി. വേദപുസ്തകം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന**

കർത്താവേ! നിന്റെ ന്യായപ്രമാണത്തിൽ നിന്നും അത്ഭുതകാര്യങ്ങളെ കാണുന്നതിന് ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

**വി. വേദപുസ്തകം വായിച്ചതിനു ശേഷമുള്ള പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ ജീവൻ നൽകുന്ന നിന്റെ വചനങ്ങൾ അനുസരിച്ച് ജീവിപ്പാൻ ഞങ്ങൾക്കു സംഗതിയാക്കേണമേ.

സമാജത്തിനുവേണ്ടിയുള്ള പ്രാർത്ഥന

പ്രാർത്ഥന കേൾക്കുന്നവനും യാചനകൾ നൽകുന്നവനുമായ ദൈവമായ കർത്താവേ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ നാനാഭാഗങ്ങളിലുമുള്ള വനിതാസമാജത്തെ നീ വാഴ്ത്തണമേ. അതിന്റെ അംഗങ്ങളായ ഞങ്ങൾക്ക് നിന്നോടും അന്യോന്യവുമുള്ള നിഷ്ക്കളങ്ക സ്നേഹവും അനുസരണയും താഴ്മയും ക്ഷമയും ജീവിതശുദ്ധിയും നീ നൽകണമേ. ഞങ്ങളെല്ലാവരും യഥാർത്ഥമായ ക്രിസ്തീയ ജീവിതത്തിൽ നിന്നെ സാക്ഷിക്കുന്നവരും നിന്റെ രാജ്യത്തിന്റെ പ്രചാരണത്തിനുവേണ്ടി യത്നിക്കുന്നവരും ആയിത്തീരണമേ. നിന്റെ തിരുനാമ മഹത്വത്തെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന ഈ സമാജത്തിന്റെ സകല പ്രവർത്തനങ്ങളേയും നീ അനുഗ്രഹിക്കേണമേ. ആയത് ഞങ്ങൾ നിന്നെയും നീ മുഖാന്തിരം നിന്റെ പിതാവിനേയും നിന്റെ പരിശുദ്ധ റൂഹായേയും സ്തോത്രം ചെയ്ത് വന്ദിപ്പാനായിട്ടു തന്നെ ആമ്മീൻ.

മദ്ധ്യസ്ഥ പ്രാർത്ഥന

(ഇടവകയിലെ രോഗികൾ, മന:പ്രയാസത്തിലിരിക്കുന്നവർ, വിദൂരസ്ഥലങ്ങളിൽ താമസിക്കുന്നവർ, പ്രായമായവർ, പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, ആത്മീയ സംഘടനകൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, തടവിൽ കഴിയുന്നവർ, ദാരിദ്ര്യദു:ഖം അനുഭവിക്കുന്നവർ മുതലായവരെ ഓർത്ത് പ്രാർത്ഥിക്കുക).

വി. കന്യകയായ മർത്തമറിയം മാതാവേ.......

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!

ദൈവകൃപകൊണ്ട് നിറഞ്ഞ മാതാവേ.......

മറ്റുള്ളവരുടെ പ്രശംസയിൽ നിഗളിക്കാത്ത മാതാവേ.......

സമാധാനത്തിന്റെ പനിനീർ പുഷ്പമായ മാതാവേ.......

ശാന്തതയുടെയും സഹിഷ്ണുതയുടെയും

ഉത്തമമാതൃകയായ മാതാവേ.......

നിഷ്ക്കളങ്കതയിൽ തെറ്റിദ്ധരിക്കപ്പെട്ട മാതാവേ.......

കഷ്ടതകളാകുന്ന കത്തികൊണ്ട് കുത്തുകൊണ്ട മാതാവേ.......

ഞെരുക്കത്തിലിരിക്കുന്നവരുടെ സന്തോഷമായ മാതാവേ.......

രോഗികളുടെ സന്തോഷമായ മാതാവേ.......

മനസ്സലിവുള്ള മാതാവേ........

ആവശ്യക്കാരുടെ കഷ്ടതയിൽ പങ്കുചേരുന്ന മാതാവേ........

ദൈവന്മയിലും നടത്തിപ്പിനും ഉറച്ച വിശ്വാസമുള്ള മാതാവേ........

ദൈവേഷ്ടത്തിനു പരിപൂർണ്ണമായി സമർപ്പിക്കുന്ന മാതാവേ.......

കൃപനിറഞ്ഞവളും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളും ദൈവമാതാവുമായ മർത്താമ്മറിയാമെ, നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങളെ നീ മറന്നുകളയരുതേ. നിന്റെ പ്രാർത്ഥനമൂലം ഞങ്ങളും ഞങ്ങൾക്കുള്ള എല്ലാവരും ഞങ്ങളുടെ മരിച്ചുപോയവരും കരുണകൾക്കും പാപമോചനത്തിനും യോഗ്യരായിത്തീരുകയും ചെയ്യേണമേ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

കൃപനിറഞ്ഞ മാതാവേ..........

## രോഗക്കിടക്കയിൽ പാടുന്നതിന്

(ഞങ്ങൾക്കുള്ള കർത്താവേ.... എന്ന രീതി)

എന്നെ പ്രതി വേദയനയേറ്റ
യേശുമിശിഹാ കർത്താവേ
എന്നുടെ വേദനകൾ നീക്കി
സാന്ത്വനമരുളി കാക്കണമേ.

സൗഖ്യം നൽകും നൽവൈദ്യാ
സ്നേഹമോടെന്നെ കാത്തിടുക
വിശ്വാസത്തൊടു പ്രത്യാശ
നിത്യവും എന്നിൽ നിറയ്ക്കണമേ

നിന്നുടെ കൈപ്പണിയാമെന്നിൽ
പുതുതാക്കണമേ നിൻരൂപം
ജീവൻ നൽകും തിരുരക്തം
എന്നുടെ സിരകളിലോടണമേ.

കർത്താവേ നിൻ കരുതലിനെ
നന്ദിയോടെന്നും ഞാനോർക്കും
അഗതികളായോർക്കെല്ലാം നീ

താതനുമമ്മയുമാണല്ലോ.

ആശ്വാസ പ്രദനാം നാഥാ
നിന്നുടെ മാർവ്വിൽ ചാരിഞാൻ
ആകുല ചിന്തകൾ വേദനയും
ദൂരെയകറ്റും നിൻകൃപയാൽ

എന്നുടെ സൗഖ്യ പ്രാപ്തിക്കായി
നൽകീടുന്ന മരുന്നുകളിൽ
നിൻവചനത്തിൻ വീര്യത്താൽ
അത്ഭുതശക്തി നിറയ്ക്കണമേ.

കർത്താവേ എന്നുടെ കുറവും
ബലഹീനതയും നീക്കണമേ
പാപത്തിൻ മോചനമതിനാൽ
രോഗവിമോചനമരുളണമേ.

രോഗികളായോർക്കെല്ലാം നിൻ
സ്വസ്ഥത നാഥാ നൽകണമേ.
ഞങ്ങടെ പ്രാർത്ഥന തിരുമുമ്പിൽ
കാഴ്ച്ചയതായിത്തീരണമേ.

## വാർഷിക പരിപാടികൾ

| | | |
|---|---|---|
| ജനുവരി | 1 | നവവത്സരദിനം |
| | 6 | ദനഹാ പെരുന്നാൾ |
| ഫെബ്രുവരി | 2 | മായൽത്തോ-കർത്താവിന്റെ ദേവാലയ പ്രവേശനം |
| | 10 | മൂന്ന് നോമ്പാരംഭം |
| | 13 | മൂന്ന് നോമ്പ് വീടൽ |
| | 15 | ഉപന്യാസം, പ്രസംഗം, ക്വിസ് മത്സരം-പഴയസെമിനാരി |
| | 23 | സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ-പഴയസെമിനാരി, കോട്ടയം |

| | | |
|---|---|---|
| | 28 | നേതൃത്വ പരിശീലനം- |
| മാർച്ച് | 1 | മരിയൻ പ്ലേ ഹോം, തിരുവനന്തപുരം മെത്രാസനം |
| | 2 | കൊത്നെ ഞായർ |
| | 3 | വലിയനോമ്പാരംഭം |
| | 25 | വചനിപ്പു പെരുന്നാൾ |
| | 26 | പാതിനോമ്പ് |
| ഏപ്രിൽ | 6 | കാതോലിക്കാദിനം - മലങ്കര ഓർത്തഡോക്സ് സഭാദിനം |
| | 11 | നാൽപതാം വെള്ളി |
| | 13 | (ഊശാന) - ഓശാന ഞായർ |
| | 17 | പെസഹാ വ്യാഴാഴ്ച |
| | 18 | വലിയ വെള്ളിയാഴ്ച |
| | 19 | അറിയിപ്പിന്റെ ശനിയാഴ്ച |
| | 20 | ഈസ്റ്റർ - ഉയിർപ്പു പെരുന്നാൾ |
| മെയ് | 29 | സ്വർഗ്ഗാരോഹണം |
| ജൂൺ | 8 | പെന്തിക്കോസ്തി ഞായർ |
| | 16 | ശ്ലീഹാ നോമ്പാരംഭം |
| | 29 | ശ്ലീഹാനോമ്പ് വീടൽ |
| | 30 | പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ വാർഷിക സമ്മേളനത്തിൽ സംബന്ധിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി |
| ജൂലൈ | 15 | മുതൽ ആഗസ്റ്റ് 15 വരെ വി. ബൈബിൾ മാസാചരണം. 30 ദിവസം 720 മണിക്കൂർ തുടർച്ചയായി ബൈബിൾ വായന. അഖണ്ഡ ബൈബിൾ വായന കണക്കാക്കി എല്ലായൂണിറ്റിനും സമയം നൽകി ക്രമീകരിക്കുക. കുടുംബത്തിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുന്നത് അനുഗ്രഹകരമാണ്. |
| ആഗസ്റ്റ് | 1 | പതിനഞ്ച് നോമ്പ് ആരംഭം |
| | 6 | കൂടാര പെരുന്നാൾ |
| | 8 | വനിതാവാരം - ആരംഭം |
| | 15 | ശൂനോയോ - ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, സമാജദിനം - കവർ പിരിവ്, ബൈബിൾ മാസാചരണ സമാപനം |

| | | |
|---|---|---|
| | 28 | കേന്ദ്ര പരീക്ഷയ്ക്ക് ചേരുന്നവരുടെ ലിസ്റ്റ് മെത്രാസന സെക്രട്ടറിമാർ കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി. |
| സെപ്റ്റംബർ | 1 | എട്ടുനോമ്പാരംഭം |
| | 8 | ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ, എട്ട് നോമ്പ് വീടൽ |
| | 14 | സ്ലീബാ പെരുന്നാൾ |
| ഒക്ടോബർ | 3,4,5 | വാർഷിക സമ്മേളനം - മദ്രാസ് മെത്രാസനം |
| | 17 | കേന്ദ്ര പരീക്ഷ – ഗൾഫ് മേഖല |
| | 19 | കേന്ദ്ര പരീക്ഷ - ഇന്ത്യയിൽ |
| നവംബർ | 2 | പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ, പരുമലപ്പള്ളി |
| ഡിസംബർ | 1 | ഇരുപത്തിയഞ്ച് നോമ്പാരംഭം |
| | 15 | മെത്രാസന സെക്രട്ടറിമാർ ഉത്തരക്കടലാസും മാർക്ക് ലിസ്റ്റും കവർകളക്ഷൻ കേന്ദ്ര വിഹിതവും ഏൽപ്പിക്കേണ്ട ദിവസം. |
| | 21 | വി. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി ദിനം |
| | 25 | ക്രിസ്മസ്സ് – കർത്താവിന്റെ ജനനപെരുന്നാൾ |

എല്ലാമാസവും രണ്ടാം ബുധനാഴ്ച കേന്ദ്ര മന്ദിരത്തിൽ വച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്. സമയം 10.30 a.m. - 1.00 pm.

**കേന്ദ്ര പരീക്ഷ 19-10-2014, ഗൾഫ് മേഖല 17-10-2014**

## സിലബസ്സ്

**ലേഖനങ്ങൾ**

1. യാക്കോബ്, 1 പത്രോസ്
2. മന:പാഠ വാക്യങ്ങൾ

| | |
|---|---|
| യാക്കോബ് | 1:12 |
| | 1:27 |
| | 2:26 |
| | 3:18 |
| | 4:8 |

1 പത്രോസ് 1:22

2:9

2:21

3:17

4:16

3. കൂദാശാ പഠനം:

വി. കുമ്പസാരം, രോഗികളുടെ തൈലാഭിഷേകം

4. പ്രാർത്ഥന:

പാതിരാത്രി നമസ്ക്കാരം രണ്ടാം കൗമാ (മുഴുവൻ)

തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരുമായുള്ളവരേ നിങ്ങളെ ലോകത്തിനു സഹായങ്ങളെ ഒഴുക്കുന്ന ഉറവകളാക്കിത്തീർക്കുകയും നിങ്ങളുടെ അസ്ഥികളാകുന്ന നിക്ഷേപത്തിൽ ശക്തികളെ വസിപ്പിക്കുകയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങൾക്കുവേണ്ടി നിങ്ങൾ കർത്താവിനോടപേക്ഷിക്കണമെ.

കുറിയേ............... കുറിയേ...................... കുറിയേ.................

ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി.

ശ്ലീഹന്മാരേ നിങ്ങൾ സഭയിൽ പ്രസംഗിച്ചിട്ടുള്ള വിശ്വാസത്തെ പരത്താതിരിപ്പാനായിട്ട് എല്ലാ ഭാഗങ്ങളിൽ നിന്നും എതിരാളികൾ സഭയെ ചുറ്റിയിരിക്കുന്നു. അതിനാൽ സഭയിലും അതിന്റെ മക്കളിലും വാദങ്ങളും കലഹങ്ങളും ഇല്ലാതാകുവാനായിട്ട് നിങ്ങളെ തെരഞ്ഞെടുത്തവനോടു നിങ്ങൾ അപേക്ഷിക്കണമെ. കർത്താവേ! നിന്റെ വചനങ്ങൾ തങ്കം പോലെ സ്ഫുടം ചെയ്യപ്പെടുവാനായിട്ട് നിന്റെ സത്യം അതിന് ഒരു മൂശയായിത്തീരണമെ. തന്റെ സഭയെ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ആചാര്യന്മാർ വെടിപ്പോടെ അട്ടഹസിക്കുകയും ചെയ്യുമാറാകണമെ. ബാറെക്മോർ......

കർത്താവേ! നീ തെരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവത്സരത്തിന്റെ പന്ത്രണ്ടു മാസങ്ങളെയും കൃപ

യോടെ വാഴ്ത്തണമെ. വേനലും വർഷവും നിയമപ്രകാരം അതാതു കാലത്ത് ക്രമമായിട്ടുണ്ടാവുകയും സ്വർഗ്ഗീയ നന്മകളും ഭൂമിയുടെ വിളവുകളും ഞങ്ങൾക്കു ലഭിക്കുകയും ചെയ്യണമെ. കർത്താവേ ഫലങ്ങൾ വളരുകയും അഗതികളും ദരിദ്രന്മാരും ഭക്ഷിച്ച് നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്‌വാൻ തക്കവണ്ണം വാഴ്‌വിന്റെ മഴകളെയും ചാറൽ മഴകളെയും നീ പെയ്യിക്കണമെ. മൊറിയോ......

കർത്താവേ നിന്നെ ഇഷ്ടപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

റൂഹായാൽ നിന്നെക്കുറിച്ച് സംസാരിച്ച ദീർഘദർശിമാരും നിന്റെ പ്രത്യക്ഷതയെ അറിയിച്ച ശ്ലീഹന്മാരും നിന്നേയുള്ള സ്നേഹം നിമിത്തം മരണത്തെ സ്വീകരിച്ച സഹദേന്മാരും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. ഞങ്ങളോടു കൃപ ചെയ്യണമെ.

പരിശുദ്ധന്മാരേ ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും ഞങ്ങളിൽ നിന്ന് ഒഴിച്ച് നീക്കിക്കളവാനായിട്ട് നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളാൽ പ്രസാദിപ്പിച്ചിട്ടുള്ള കർത്താവിനോടു ഞങ്ങളോടുകൂടെ അപേക്ഷിക്കേണമെ.

കർത്താവേ നിന്നെ ഇഷ്ടപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമെ.

5. പാട്ട്

വി. കുർബ്ബാന ക്രമം പ്രാരംഭം - 'അനുതാപം'

(പരസ്യമായ കുർബ്ബാന ശുശ്രൂഷയ്ക്കായി തിരശ്ശീല നീക്കുന്നതിന് മുമ്പ്)

പാപം ചെയ്യായ്‌വാൻ - വാതുക്കൽ നീതി
പേരേടും പേറി-ക്കാവൽ നിൽക്കുന്നു.
തൻ കൈപ്പേനായാൽ-ചേർക്കും ഗ്രന്ഥത്തിൽ
മർത്യന്മാർ കൃത്യം-ഹാ! നിർദ്ദാക്ഷിണ്യം!

ഹാലേലുയ്യാ-ഹാലേലുയ്യാ
സർവ്വാത്മവേദീ-കാരുണ്യം ചെയ്ക

തന്നത്താൻ പാപം-ചെയ്തേൻ കേഴുന്നേൻ

തോല്പിച്ചാൻ സാത്താൻ-ഞാൻ കുറ്റക്കാരൻ
കഷ്ടം ഞാൻ ദോഷി-ഹാ കഷ്ടം ധൃഷ്ടൻ
ന്യായത്തീർപ്പിൻ നാ-ളയ്യയ്യോ! കഷ്ടം

ഹാലേലുയ്യാ-ഹാലേലുയ്യാ
കർത്താവേ! അന്നാൾ - കാരുണ്യം ചെയ്ക

കർത്താവേ! ഞങ്ങൾ-വാതിൽ മുട്ടുന്നു
നീയല്ലോ നൽകു-ന്നോല്ലാമെല്ലാർക്കും
ചോദിച്ചാൽ കിട്ടും-തേടുമ്പോൾ കാണും
മുട്ടുമ്പോൾ വാതിൽ-ബന്ധം നീങ്ങുന്നു.

ഹാലേലുയ്യാ-ഹാലേലുയ്യാ
വാതിൽ കേഴുന്നോർ-ക്കേകുന്നോൻ ധന്യൻ

ദൈവത്തിൻ വാതിൽ-കാരുണ്യസ്ഥാനം
മുട്ടിക്കേഴുമ്പോ-ളാശ്വാസം നൽകും
ദുഷ്ടസ്ത്രീ ചോരൻ,-ചുങ്കക്കാരൻ തൻ
കണ്ണീർ വാർത്തപ്പോൾ-പാപം മായിച്ചു

ഹാലേലുയ്യാ-ഹാലേലുയ്യാ
നാഥാ! ഞങ്ങൾക്കും-നൽകേണം-മുക്തി.

6. ആനുകാലിക വിഷയത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

7. ഇംഗ്ലീഷിൽ പരീക്ഷ എഴുതുന്നവർ Revised Standard Verson (RSV) ബൈബിൾ ഉപയോഗിക്കേണ്ടതാണ്.

**ക്വിസ് മത്സരം 2014**

യാക്കോബ്, 1 പത്രോസ്

സഭാചരിത്രം എ.ഡി. 1653-1912

NB: (1) പരീക്ഷ എഴുതുന്നവരുടെ ലിസ്റ്റും പേരും ആഗസ്റ്റ് 28-നു മുമ്പ് മെത്രാസന സെക്രട്ടറിമാർ കേന്ദ്രത്തിൽ ഏൽപ്പിക്കണം.